
# മുകുരം

## ഡിജിറ്റൽ മാഗസിൻ

**എസ്സ്‌ കെ വി എച്ച്‌ എസ്സ്‌**
**കുട്ടംപേരൂർ**


SREE KARTHYAYANI VILASAM HIGHSCHOOL.KUTTEMPEROOR.



# ആമുഖം

മുകുരം.............

ഇത് നവയുഗത്തിൻെറ മാറ്റങ്ങൾക്ക് നേർക്ക്
പിടിക്കുന്നു....
പുത്തൻ അറിവ് സ്വായത്തമാക്കുന്നതിന്
ഇതൊരു കുഞ്ഞു കാൽവയ്പ്പ് മാത്രം.....
ദീർഘമായ ലക്ഷ്യബോധമുള്ള യാത്രയ്ക്ക്
സമാരംഭം...

ആരോഗ്യകരമായ വിശകലനത്തിനും ,
അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.............

# .....ആശംസ....



"ലിറ്റിൽ കൈറ്റ്സ്".... ഉയരങ്ങളിലേക്കുള്ള പ്രയാണത്തിൽ കൂടുതൽ വേഗത്തിൽ വിജ്ഞാനചക്രവാളത്തിൻെറ നവസാദ്ധ്യകൾ പരമാവധി പ്രയോജനപ്പെടുത്തി എസ് കെ വി എച്ച് എസ് കുട്ടംപേരൂറിൻെറ മക്കൾ മികവിന്റെ പുതിയ തലങ്ങളിൽ എത്തുവാൻ ഹൃദയപൂരസ്സരം പ്രാർത്ഥിക്കുന്നു.....

സ്നേഹാശംസകളോടെ

ഹെഡ് മിസ്ട്രസ്സ്.

മായ എസ് നായർ

# .....ആശംസ....



ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ അതിനൂതനമായ കണ്ടെത്തലുകൾ സ്വായത്തമാക്കുന്നതിൽ ഈ ക്ലബ് പ്രവർത്തനത്തിലൂടെ ഇതിൽ അംഗങ്ങളായി കുട്ടികൾക്ക് ശ്രീകാർത്യായനി ദേവിയുടെ അനുഗ്രഹത്താൽ കഴിയുമാറാകട്ടെ.

ഒരു മാഗസിൻ തയാറാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച ബഹുമാനപ്പെട്ട വിനിടീച്ചർക്കും രശ്മി ടീച്ചർക്കും കുട്ടികൾക്കും എൻെറ അഭിനന്ദനങ്ങൾ. ഈ ക്ലബ്ബിൻെറ പ്രവർത്തനങ്ങൾക്കും ഇ-മാഗസീനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എല്ലാവർക്കും എന്റെ നന്മനിറഞ്ഞ പുതുവത്സര ആശംസകൾ.

എൻ. ശശികുമാരൻ പിള്ള
മാനേജർ

# .....ആശംസ....

കേരളത്തിലെ പൊതുവിദ്യാലയത്തിൽ IT അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഒരു സർക്കാർ കമ്പനിയാണ് കൈറ്റ്.ഇതിൻെറ നേതൃത്വത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. കഴിഞ്ഞ അക്കാദമിക വർഷം മുതൽ നമ്മുടെ സ്കൂളിലും ഇത് രൂപീകരിച്ച് വിജയകരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. സ്കൂളിലെ 35 ഓളം കുട്ടികൾക്ക് ആനിമേഷൻ,സൈബർ സുരക്ഷ ,മലയാളം കമ്പ്യൂട്ടിങ്,ഹാർഡ്‌വെയർ,ഇലക്ട്രോണിക്സ്എന്നീ മേഖലയകളിൽ പരിശീലനം നൽകുന്നു.

ആധുനിക സങ്കേതിക വിദ്യകൾ പഠനത്തിൽ പ്രയോജനപ്പെടുത്തു ന്നതിലൂടെ പാഠഭാഗങ്ങൾ വേഗത്തിൽ ഉൾക്കൊള്ളുന്നതിനും പഠന പ്രവർത്തനങ്ങൾ രസകരമാക്കുന്നതിനും ഏറെ സഹായിക്കുന്നു.സ്കൂൾ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു .പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

റോയി എസ്
സ്റ്റാഫ് സെക്രട്ടറി

# .....ആശംസ....

ഏതൊരു വിദ്യാലയത്തിന്റെയും വളർച്ചയുടെ അടിസ്ഥാനശിലകളാണ് വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും, ഒപ്പം പൊതുസമൂഹവും.പൊതു വിദ്യാഭ്യാസ രംഗത്ത് കൃത്യമായ ദീർഘവീഷണത്തോടെയും, ശ്രദ്ധയോടെയും സർക്കാർ നടപ്പാക്കുന്ന കർമ്മ പദ്ധതികളിൽ മികച്ച ഒന്നാണ് "ലിറ്റിൽ കൈറ്റ്സ്".

രക്ഷകർതൃപ്രതിനിധി എന്ന നിലയിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന ഈ വിദ്യാലയവും വിവരവിനിമയ സാങ്കേതിക വിദ്യയിൽ മുന്നോട്ടുള്ള കാൽവയ്പിലാണ് എന്ന് അറിയുന്നതിൽ സന്തോഷം.
ഇതിനായി നേതൃത്വം നൽകുന്ന അധ്യാപകർക്കും പങ്കാളികളായ വിദ്യാർത്ഥികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

മധുസൂദനൻ
പി റ്റി എ പ്രസിഡന്റ്

# .....ആശംസ....

എസ്സ് കെ വി എച്ച് എസ്സ് എന്നും കാലത്തിനൊത്ത മാറ്റത്തിനും, അനിവാര്യമായ വളർച്ചയ്ക്കും ഒപ്പം നിൽക്കുന്ന സ്ഥാപനമാണ്.അത് പഠന പ്രവർത്തനങ്ങളിലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും...

അറിവിന്റെ അനന്തവിഹായസ്സിലേക്ക് കുഞ്ഞുപട്ടങ്ങൾ പറന്നുയരുമ്പോൾ,നമ്മുടെ കുഞ്ഞുമക്കളും ആ നൂലിഴയും പട്ടവുമായും ബന്ധിക്കപ്പെട്ടിരിക്കുന്നു....

വിവരസാങ്കേതിക വിദ്യയുടെ വിവിധ തലങ്ങൾ മനസ്സിലാക്കുവാനും,ഉൾക്കൊള്ളുവാനും പ്രാവർത്തികമാക്കുവാനും ഒപ്പം മെച്ചപ്പെടുത്തുവാനും.....

ഈ സംരംഭത്തിന് ഭാഗഭാക്കാകുവാൻ കഴിഞ്ഞതിൽചാരിതാർത്ഥ്യമുണ്ട്. കേരളത്തിന്റെ പുത്തൻ ഏടുകൾ രചിക്കപ്പെടുമ്പോൾ ഒപ്പം നമ്മുടെ കുഞ്ഞുങ്ങളും...

അഭിമാനപുരസ്സരം



വിനി ഡി നായർ (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)
രശ്മി എം എസ്സ് (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)

# മദ്യവും മയക്കുമരുന്നും

സമൂഹത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്താണ് മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം. സമൂഹത്തിൽനടക്കുന്ന ഒട്ടുമിക്ക കുറ്റകൃത്യങ്ങൾക്ക് പിന്നിലും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും സ്വാധീനമുണ്ട്. മയക്കുമരുന്നുകളുടെ വില്പനയും ഉപയോഗവും ഇന്ത്യയിൽ നിയമംമൂലം നിരോധിച്ചിട്ടുണ്ട്. എന്തിരുന്നാലും രാജ്യത്തെവിടെയും ഇവ ലഭ്യമാണ് എന്നത് യാഥാർഥ്യമാണ്. അതാതുകാലത്തെ ഗവൺമെന്റുകളെപോലും സ്വാധീനിക്കുന്നുണ്ട്. കൗമാരകരാണ് മദ്യത്തിനും മയക്കുമരുന്നും അടിമപ്പെടുന്നവരിൽ അധികവും. വെറുമൊരു രസത്തിനു തുടക്കം പിന്നെ കൂട്ടുകാരുടെ മുമ്പിൽ ഹീറോ ആകുക എന്ന ലക്ഷ്യം ഉണ്ടാകും. പുകവലിയിൽ നിന്ന് തുടങ്ങി ക്രമേണ മദ്യപത്തിലേക്കും മയക്കുമരുന്നുകളുടെ ഉപയോഗത്തിലേക്കും അയാൾ വഴുതി വീഴുന്നു.

നമ്മുടെ നാട്ടിൽ നടക്കുന്ന അപകടങ്ങളിൽ നല്ലയൊരു പങ്ക് മദ്യപാനത്തിനുണ്ട് .മദ്യപാനം കുടുംബത്തിന്റെ തകർച്ചയ്ക്കു കാരണം ആകുന്നു. സ്ത്രീകളെ അപേക്ഷിച്ച പുരുഷന്മാരിലാണ് മദ്യലഹരി ഏറി കാണുന്നത്.എങ്കിലും മദ്യപിക്കുന്ന സ്ത്രീകളും കേരളത്തിൽ ധാരാളം ഉണ്ട്. മയക്കുമരുന്നുകൾ ഉപയോഗിച്ച് തുടങ്ങിയാൽ പിന്നീട് അത് ഒഴിവാക്കാൻ ആകാതെ വരും. അത് കിട്ടുന്നതിന് വേണ്ടി എന്ത് കുറ്റകൃത്യവും ചെയ്യാൻ മടിയില്ലാതാകും. പുകവലി,മദ്യപാനം എന്നിവ വളർത്തുന്ന പരസ്യങ്ങൾ നിരോധിക്കേണ്ടതാണ്. മദ്യവും മയക്കുമരുന്നുകളും മറ്റും ഒരിക്കലും പരീക്ഷിക്കുക പോലും ഇല്ല എന്ന് യുവാക്കൾ പ്രതിജ്ഞ എടുക്കണം.

**SARATH**

## ഹൈടെക് ക്ലസ്സ്മുറികളിൽസംസ്കൃത പഠനം ................

പൊതുവിദ്യാഭ്യാസ സംരക്ഷണം യേറ്റെടുത്തുകൊണ്ട് കേരളത്തിലെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ സംസ്കൃതം പോലുള്ള പ്രാചീന ഭാഷകൾക്ക് ആധുനിക സാങ്കേതിക വിദ്യ എങ്ങനെ ഇണങ്ങും എന്ന സംശയം സ്വാഭാവികമാണ് . എന്നാൽ പ്രപഞ്ചത്തിൽ ഉണ്ടായിട്ടുള്ളതും ഉണ്ടാകാനുള്ളതുമായ എല്ലാത്തിനെയും ഉൾകൊള്ളാൻ കഴിയുന്ന ഭാഷയാണ് സംസ്കൃതം. ഇന്ന് വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ക്ലാസ്റും പ്രവർതങ്ങൾക്ക് ഏറ്റവും ഇണങ്ങുന്ന ഭാഷയായി സംസ്കൃതം മാറിയിട്ടുണ്ട്. അതിനായുള്ള വെബ്സൈറ്റുകളും,മൊബൈൽ അപ്ലിക്കേഷനുകളും ഇന്ന് ലഭ്യമാണ്.

1. സംസ്കൃത വിദ്യാഭ്യാസത്തിനായുള്ള ഔദ്യോഗിക വെബ്സൈറ്റ്.
2. നവവാണി വെബ്സൈറ്റ് മൊബൈൽ ആപ്.
3.സംപ്രതിവാർത്താ : ഓൺലൈൻ വാർത്താ പത്രിക

### സാൻസ്ഗ്രീറ്റ്

സംസ്കൃതഭാഷയുടെ ജനകിയതാവർധിപ്പിക്കുന്നതിൽ സാൻസ്ഗ്രീറ്റെന്ന ആപ് ബഹുദൂരം മുന്നിലെത്തിയിരിക്കുന്നു. കേരളത്തിൽ നിന്നും ആദ്യമായി ഇറങ്ങിയ സംസ്കൃതം അപ്പെന്ന പ്രിത്യേകതകയും സാൻസ്ഗ്രിറ്റിനുണ്ട്. ഇപ്രകാരം വിവരസാങ്കേതിക വിദ്യയുപയോഗിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ സംസ്കൃതഭാഷയ്ക്കു സാധ്യമാണ്. പോരായ്മകളും മികവുകളും ചൂണ്ടി കാണിച്ചുകൊണ്ട് അധ്യാപകരും വിദ്യാർത്ഥികളും കൈകോർത്താൽ ഹൈടെക്കും മധുരമാക്കാം.

രശ്മി എം എസ്സ്(ടീച്ചർ)

# ......സി.വി.രാമൻ......

**(1933 -2007)**

**തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്ത് , രാഷ്ട്രീയപ്രവർത്തകൻ,അഭിഭാഷകൻ. കേരള സാഹിത്യ അക്കാദമി ഉപാദ്ധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗംഎന്നീ പതവികൾ വഹിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെപ്രസിഡൻ്റ് ആയിരുന്നിട്ടുണ്ട് .വാസ്തുഹാര,ക്ഷുരസ്യധാര,ഓർമചെപ്പ്,തീർഥക്കാവടി,തുടങ്ങിയവ കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട് .**

**ബറീറ (9 സി)**



# IMPORTANCE OF SCHOOL LIFE

**The most important part of our life is our school days. During this period we learn almost all good things that we need. School is the training ground for all virtues that make good men . here we first learn how to live a disciplined life. We read together, we sit together and we play together Thus we learn the value of collective effort in life. We learn the lesson of self control, truthfulness, kindness, duty and many other good qualities from the school School life opens the eyes of the students to the virtues one should acquire. It is the school that shapes one's life**

**ദേവിക**

**എങ്ങുപോയ് ......!**

**എങ്ങുപോയ് എങ്ങു പോയ് ഈ പ്രപഞ്ചത്തിൽ അനശ്വരമാം  പൊൻ**
**പച്ചപ്പുകൾ.....**
**കാടെവിടെ ? മലയെവിടെ ? തോട്ടും പുഴയും എവിടെ.....?**
**എന്തേ കാറ്റിത്ര മടിയനാവാൻ എന്തേ മഴയിത്ര മൂകയാവാൻ**
**കരയുന്നു പുഴകളും തോടുകളും ദാഹജലത്തിനു വേണ്ടി**
**എങ്ങുപോയ് എങ്ങുപോയ് ഈ പ്രപഞ്ചത്തിൻ അനശ്വരമാം പൊൻ പച്ചപ്പുകൾ.**
**വയലുകൾ  ഇല്ല  മരങ്ങില്ല , ഫ്ലാറ്റുകൾ ഫാക്ടറികൾ മാത്രം ബാക്കി.**
**മാനവസമൂഹം നിന്മകൊണ്ടാടുമ്പോൾ ,**
**ബാക്കിയാവുന്നു കൊടും വേനൽ മാത്രം.**
**കാടെവിടെ മലയെവിടെ തോട്ടും പുഴയും എവിടെ......?**

**by,**
**Devika J S**

**ഉറൂബ്(പി.സി.കുട്ടി കൃഷ്ണൻ)**

**മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര _കേരള സാഹിത്യ അക്കാദമി അവാഡുകൾ ലഭിച്ചു . ഉമ്മാച്ചു ,അമ്മിണി, സുന്ദരികളും,സുന്ദരന്മാരും, ഗോപാലൻ നായരുടെ താടി, രാച്ചിയമ്മ, അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാന കൃതികൾ.**

**Aswani. Ashok**

## Agrarian culture

The word "culture" originated from the term "agricultural" .History records that it was farming which persuaded the human rare to live together and develop a culture. The ancient river valley civilization proclaim this fact.The basis of culture is the relationship between farming and soil.As we are distancing ourselves from farming activities these days,we are actually moving away from a unique culture. Technological skills are creating a new culture of their own.This withdrawal from farming may lead to the birth of an undesirable culture in the not-so-distant future
The majority of the Indians lead a life in close association with agriculture.Farmers have a close relationship with the soil .The new tide of commercial culture is fast eating away the farming culture. It only aim at making profit ,and if commercialises everything in life. The traditional attitude towards farming are fast disappearing. Farming is no more a source of spiritual fulfilment. When farming is looked upon simply as another job to make profit,it loses its sacredness .For this reason ,our culture also gets a jolt.In order to obtain huge profits, modern farmers use highly poisoners insecticides.As a result, soil ,air and water are polluted.people became victims of all sorts of diseases.To overcome this situation, man should go back to organic farming.

## 8 THE RABBIT'S INTELLIGENCE

A man brought a sheep and went home with it. A hare saw him and thought,
"What a good sheep that is! I must have it for myself".
The hare ran quickly in front of them,took of his left shoe, put it on the road
and hide himself in the bushes.
The man saw the shoe and said to himself,
" This is a good shoe, but I don't need one shoe, I shall not take it".
The hare put on his left shoe, ran quickly on, took of his right shoe and put it on the road. The man came up to the second shoe, stopped

**their and said,**
**"OH,this is the right shoe and the other one was the left shoe. I shall go back and take the left shoe and then i shall have new shoe".**
**He tired sheep to a tree near the road, put the shoe near the sheep and walked back to find the first shoe.**
**He looked and looked for the shoe, but could not find it.while the man was looking for the left shoe the hare took the right shoe, united the sheep and took it to his home.**
**When the man came back, he found no sheep and no shoe.**
**He cried of," what a fool iam"**
**And he was right**

**ഫേബ (9 എ)**

## R.K Narayanan (1906-2001)

**R.K Narayanan was an Indian author whose works of fiction include a series of books about people and their interactions in an imagined town in India.He is one of three leading figures of early Indian literature in English, along with Mulk Raj Anand and Raja Rao. He is credited with bringing Indian literature in English to the rest of the world, and is regarded as one of India's greatest English language novelist.Swami and Friends, The Dark Room, Waiting for the Mahatma, The Guide, The Man Eater of Malgudi etc.are some of his major works.**

**By Vaishnavy**

**ജീവചരിത്രം...............**

**വള്ളത്തോൾ നാരായണമേനോൻ**

**മലബാറിലെ വെട്ടത്തുനാട്ടിൽ ജനിച്ചു. 1927-ൽ കേരള കലാമണ്ഡലം സ്ഥാപിച്ചു.ആധുനിക കവിത്രയത്തിൽ ഒരാളായി അറിയപ്പെടുന്നു.പ്രധാന കൃതികൾ:ബന്ധനസ്ഥനായ അനിരുദ്ധൻ,ശിഷ്യനും മകനും, ഗണപതി, ചിത്രയോഗം**

**മുഖ്യ പുരസ്ക്കരങ്ങൾ:പത്മഭൂഷൺ,കവിതിലം**

**By: Sreekutty**



**ലക്ഷ്മി**



അഭിറാം എച്ച്

# സി.വി.രാമൻ

**(1933 -2007)**

**തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്ത് , രാഷ്ട്രീയപ്രവർത്തകൻ,അഭിഭാഷകൻ. കേരള സാഹിത്യ അക്കാദമി ഉപാദ്ധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗംഎന്നീ പതവികൾ വഹിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെപ്രസിഡൻ്റ് ആയിരുന്നിട്ട്ടണ്ട് .വാസ്തുഹാര,ക്ഷുരസ്യധാര,ഓർമചെപ്പ്തീർഥക്കാവടി,തുടങ്ങിയവ കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട് .**

**വൃന്ദ കാർത്തികേയൻ 9 സി**

പമ്പയുടെ ഓളങ്ങളിലൂടെ.......

അനശ്വരവും അനസ്യൂതവുമായ കാലത്തിന്റെ അഴിമുഖത്
ഒഴുകിയെത്തികലരുന്ന സംസ്കൃതിയാണ് ഓരോ നദിയും. ഏത്
ജനപഥത്തിനും ഒരു നദിയുടെ കഥ പറയാനുണ്ടാകും. കേവലം ഒരു
നദീതടസംസ്കാരം എന്നതിലുപരി ആധ്യാത്മികതയുടെയും മത
മൈത്രിയുടെയും കേദാര ഭൂമിയാണ് പാമ്പാതടങ്ങൾ. കേരളത്തിന്റെ
ഗംഗയായ പമ്പ ഉത്ഭവിക്കുന്നത് ശബരിമലയിൽ ആണ്.
ഇരുനൂറ്റിപതിനെട്ടോളം പോഷക നദികൾ ഇതിൽ വന്നു
ലയിക്കുന്നു. അവയിൽ ഏറ്റവും പ്രധാനപെട്ടതാണ് ഞുണങ്ങാറും
കല്ലാറും. പാണ്ഡ്യാരാജാക്കന്മാർ ഒന്നാം നൂറ്റാണ്ടോടെ പന്തളം
ആസ്ഥാനമാക്കി ഭരണം ആരംഭിച്ചു. അവരുടെ ആസ്ഥാനമായിരുന്നു
നിലയ്ക്കൽ. അങ്ങനെ വരുമ്പോൾ പമ്പാതീരം അവരുടെ
അധീനതയിൽ ആയിരുന്നു എന്നു പറയുവാൻ കഴിയും. ശബരിമല
ക്ഷേത്രം, അതിപ്രാചിനമായ റാന്നി വലിയ പള്ളി ഇവയൊക്കെ
പമ്പ തീരത്തു സ്ഥിതി ചെയുന്നു.ഗീതാകാരനായ കൃഷ്ണൻ
അടക്കിഭരിക്കുന്ന ലോകപ്രസിദ്ധമായ വള്ളം കളി നടത്തപെടുന്ന
ആറന്മുള ക്ഷേത്രം പമ്പ മണൽത്തീരത്താണ് സ്ഥിതി ചെയുന്നത്.
ഏഷ്യയിലെ ഏറ്റവും വലിയ കൺവെൻഷനായ മാരാമൺ
കൺവെൻഷൻ നടക്കുന്നതും പമ്പ തീരത്തു തന്നെ. കേരളത്തിലെ

ഏറ്റവും വലിയ ഹിന്ദുമത കൺവെൻഷനും,ദക്ഷിണ കൈലാസം എന്നറിയപ്പെടുന്ന ചെങ്ങന്നൂർ മഹാദേവക്ഷേത്രവും പമ്പാതീരത്താണ്.

പമ്പ നദീതട സംസ്കാരത്തെക്കുറിച്ച് വെളിച്ചം വീശുന്ന കൃതികൾ ഉണ്ട്. അവയിൽ പ്രധാനപെട്ടതാണ് 80 ആം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നമ്മ്യായ് വാര്യരുടെ 'തിരുവായ് മൊഴി'.അതിലെ പതിനൊന്നു ശ്ലോകം ആറന്മുളയുടെ സാംസ്കാരിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു.പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗോവിന്ദൻ രചിച്ച തിരുവിഴൽ മാലയും ആറന്മുളയുടെ സാംസ്കാരിക പ്രാധാന്യം എടുത്തു കാട്ടുന്നു...

പമ്പയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പ്രധാന ആധ്യാത്മിക പ്രഭവകേന്ദ്രങ്ങളാണ് ശബരിമല ,ആറന്മുള, റാന്നി, ചെങ്ങന്നൂർ, മാരാമൺ, ചെറുകോൽ, പരുമല, പനയന്നാർകാവ്, കാട്ടൂർ മുസ്ലിംപള്ളി, തുടങ്ങിയവ. ഇപ്രകാരം പരിശോധിക്കുമ്പോൾ എഴുതപ്പെടാത്ത ചരിത്രത്തിനു മുൻപുള്ള ചരിത്രം പമ്പാനദീതടത്തിനുണ്ട്. ദക്ഷിണേന്ത്യയിലെ മറ്റേതു സംസ്കാരത്തോടും കിടപിടിക്കുന്നതും അഭിമാനകാരവുമായ ഒരു സംസ്കാരമാണ് പമ്പാ നദീതടങ്ങളിൽ വികാസം പ്രാപിച്ചത്.

സംഗീത (അധ്യാപിക)

# JUDGE NOT(poem)

**Pray, do not find fault with the person**
**Who limps orstumbles along the road .**
**Unless you have worn the shoes she wears**
**Or struggled beneath her load.**

**Don't sneer at the person Who 's down today**
**Unless you have felt the blow**
**That caused her fall**
**Only the fallen know.**

**Don't be harsh with the person who sins.**
**Or hurt her with word**
**Unless you are sure,yes, doubly sure.**
**That you have no sins of your own.**

**JYOTHILEKSHMI (Teacher)**

## സൗഹൃദം................

അകലും തോറും മനസ്സുകൾ തമ്മിൽ ഒന്നിക്കുന്ന ഒരു മാന്ത്രിക ശക്തിയാണ് സൗഹൃദം.

നമ്മുടെ കൂടെ എന്ത് കുരുത്തക്കേട് കാണിക്കാനും, കളിക്കുവാനും, നമ്മുടെ ദു:ഖങ്ങൾപങ്കിടുവാനും നല്ല ശീലങ്ങൾ പഠിക്കുവാനും നമ്മുടെ സുഹൃത്തുക്കൾ നമ്മെ ഒരുപാട് സഹായിക്കുന്നു. പക്ഷെ തിരഞ്ഞെടുക്കുന്ന കൂട്ടുകാർക്കു നല്ല ശീലങ്ങൾ അല്ല എങ്കിൽ നമ്മിൽ നാളെ തന്നെ നക്ഷപ്പെട്ടും എന്നാ കാര്യത്തിൽ ഒരു സംശയവുമില്ല. യുവജനനേതാവായി ലോകം വിശേഷിപ്പിക്കുന്ന സ്വാമി വിവേകാനന്ദന്റെ സൗഹൃദത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് എന്താണെന്നറിയുമോ? ..... അദ്ദേഹം സൗഹൃദത്തെ പറ്റി ഇങ്ങനെ പറയുന്നു "മേഘങ്ങളിൽ നിന്നും വീഴുന്ന മഴതുള്ളി ശുദ്ധമായ കൈകളിലാണ് പതിക്കുന്നതെങ്കിൽ പാനം ചെയുവാൻ സാധിക്കും പകരം ഓവുചാലുകളിലാണ് വീഴുന്നതെങ്കിൽ പദം കഴുകുവാൻ പോലും യോഗ്യമല്ല. ആ മഴത്തുള്ളി ചുട്ടുപൊള്ളുന്ന ഒരു ലോഹത്തിലാണ് വീഴുന്നതെങ്കിൽ ബാഷ്പീകരിച്ച് ഇല്ലാതാക്കും. പതിക്കുന്നത് താമരയിലാണെങ്കിൽ അത് ഒരു പവിഴം തന്നെയാകും. ഓർക്കുക മഴതുള്ളി എപ്പോഴും ഒന്നുതന്നെയായിരുന്നു. അത് പതിക്കുന്ന പ്രതലങ്ങളാണ് വ്യത്യസ്തം. ഒരാൾ ആരുമായി

ചങ്ങാത്തം കൂടുന്നവോ അതനുസരിച്ച് അയാളുടെ നിലനിൽപ്പിലും,മൂല്യത്തിലും, വിത്യാസമുണ്ടാകുന്നു. നല്ല ചങ്ങാതികൾ ആകട്ടെ നമ്മുടെ കൈമുതൽ ".അത് കൊണ്ടു നല്ല സുഹൃത്തുക്കളെ കണ്ടെത്തുക. തെറ്റായ ചെങ്ങാത്തത്തിൽപെട്ട് എത്രപേരുടെ ജീവിതങ്ങളാണ് നക്ഷ്ടപെടുന്നതെന്നു നാം ഓർക്കുക. എത്ര മാതാപിതാക്കളാണ് ഇവർകാരണം ഇരുട്ടിലേക്ക് മറയപ്പെടുന്നത്. ഈ ഭൂമിയിലേക്ക് ഒരുപാട് വേദന സഹിച്ചാണ് നമ്മളോരോത്തർക്കും അമ്മമാർ ജന്മം നൽകുന്നത്. നാം കാരണം മാതാപിതാക്കൾ ഒരിക്കലും വേദനിക്കാൻ പാടില്ല. നമ്മുടെ സൗഹൃദമാണ് ജീവിതത്തിൽ നാം ആരായിത്തീരും എന്ന് തീരുമാനിക്കുന്നത്. ചെങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന പഴംഞ്ചൊല്ല് നാം പലപ്പോഴും കേട്ടിട്ടുള്ളതാണ്. ഈ വാചകത്തിന്റെ അർത്ഥത്തിന് എത്ര മാത്രം പ്രാധാന്യമുണ്ടെന്ന് മനസിലാക്കി നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കുക. ഓർക്കുക ഒരു വ്യക്തിനന്നായാൽ, ഒരു കുടുംബം നന്നാകും, ഒരു കുടുംബം നന്നായാൽ ഒരു സമൂഹമാണ് നന്നാവുക. അതിനാൽ ഒരിക്കലും വാടാത്ത പൂപോലെ ആരുംപറയാത്ത കഥപോലെ ഇതുവരെ കാണാത്ത സ്വപ്നം പോലെ എന്നും എപ്പോഴും മായാതെ നിൽക്കട്ടെ നാം ഓരോരുത്തരുടേയും സൗഹൃദം. !!

ഉത്തിഷ്ഠത ജാഗ്രതാ

പ്രാപ്യവരാന്നിബോധതാ..!

## സർവ്വീസ്സിൽ നിന്നും വിരമിക്കുന്നവർ


## ഹെഡ് മിസ്ട്രസ്സ്. മായ എസ് നായർ



## അധ്യാപികമാർ



എസ്.കൃഷ്ണകുമാരി & വി.ബീന



രാജേഷ്(അധ്യാപകൻ)

# ലിറ്റിൽ കൈറ്റ്സ്സ് യൂണിറ്റ് അംഗങ്ങൾ



മുകുരവുമായി

സഹകരിച്ച

ഏവർക്കും

ഹൃദയം

നിറഞ്ഞ

# നന്ദി...

